## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 6598

09.07.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി

**ചോദ്യം**

ശ്രീ. കെ. അജിത്

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും മറ്റൊരു ഡിപ്പാർട്ടുമെന്റിലേക്ക് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്നു പറയാമോ ; | : | 22.01.2013 പ്രാബല്യത്തിൽ KSR ഭാഗം I-ൽ ഉൾപ്പെടുത്തിയ ചട്ടം 140(c) അനുസരിച്ച് പ്രാരംഭത്തിൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാവുന്നതും ആയത് തുടർച്ചയായി 5 വർഷം വരെ പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. |
| (ബി) | പ്രസ്തുത ഡെപ്യൂട്ടേഷൻ കാലാവധി മറികടന്ന് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നുണ്ടോ എന്നു പറയാമോ ; ഇപ്രകാരം തുടരുന്നുണ്ടെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമല്ലേ ; വ്യക്തമാക്കുമോ ; | : | ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. എസ്. വി. കലേശന്റെ അന്യത്ര സേവന കാലാവധി ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥന പ്രകാരം KSR ഭാഗം I ചട്ടം 140(c) പ്രകാരം അനുവദനീയമായ 5 വർഷകാലയളവിൽ നിന്ന് ഒരു വർഷം കൂടി ഇളവു നൽകി തദ്ദേശ സ്വയം ഭരണ വകുപ്പ് ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | വിജിലൻസ് കേസിൽ പ്രതിയായ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ ധനകാര്യ വകുപ്പിലെ തന്നെ തസ്തികകളിലോ ഡെപ്യൂട്ടേഷനിൽ കേസിനാസ്പദമായ സ്ഥാപനങ്ങളിലെ പ്രധാന പോസ്റ്റുകളിലോ ജോലിയിൽ തുടരുന്നുണ്ടോ ; കേസിന്റെ കാരണത്താൽ ഇവർക്ക് എതിരെ ധനകാര്യ വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയാമോ ; വിശദവിവരം നൽകുമോ? | : | ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എസ്.വി. കലേശൻ വിജിലൻസ് കേസ് നേരിടുന്നുണ്ടെങ്കിലും ടിയാൻ ഫിനാൻസ് ഓഫീസർ തസ്തികയിൽ ജോലിയിൽ തുടരുന്നുണ്ട്. വിജിലൻസിൽ നിന്ന് അറിയിപ്പ് കിട്ടിയ മുറയ്ക്ക് ടിയാനെ സസ്പെൻഡ് ചെയ്യാനും ടി തസ്തികയിൽ നിന്ന് റിവേർട്ട് ചെയ്യാനും പൊതുഭരണ വകുപ്പിനോട് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ തുടർന്ന് വരികയാണ്. കൂടാതെ 5 വർഷ കാലാവധി പൂർത്തിയാക്കിയെങ്കിലും ചട്ടം 140(c) ഭാഗം I KSR-ൽ ഇളവു വരുത്തി ടിയാന് പുതിയ ഫിനാൻസ് ഓഫീസർ ചാർജ്ജ് ഏറ്റെടുക്കുന്നതുവരെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധികചുമതല കൂടി നൽകി തൽസ്ഥാനത്തു തുടരാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**